# ലേബർ കമ്മീഷണറുടെ നടപടിക്രമം

(സാന്നിധ്യം : സഫ്ന നസറുദ്ദീൻ ഐ എ എസ്)

വിഷയം :- തൊഴിൽ വകുപ്പ്- സർക്കാർ ജീവനക്കാരുടെ 2025 വർഷത്തെ പൊതുസ്ഥലംമാറ്റം –ടൈപ്പിസ്റ്റ് തസ്തികയിലെ പൊതുസ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

സൂചന :- (1) 25/02/2017-ലെ സ.ഉ(പി.) നമ്പർ.3/2017/ഉഭപവ.

(2) ഈ കാര്യാലയത്തിലെ 05.03.2025 തീയതിയിലെ 07/2025 നമ്പർ സർക്കുലർ

(3) ഈ കാര്യാലയത്തിലെ 04.04.2025 തീയതിയിലെ 09/2025 നമ്പർ സർക്കുലർ

(4) ഈ കാര്യാലയത്തിലെ 21.05.2025 തീയതിയിലെ ഇതേ നമ്പർ കത്ത്

(5) ശ്രീമതി ശ്രീശ എം.എസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 849/2025 ലെ 05.08.2025 തീയതിയിലെ വിധിന്യായം

**<u>ഉത്തരവ് നം LCO/ 2548/2025 ഇ4 തീയതി 29-01-2026</u>**

വായന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിലെ ജീവനക്കാരുടെ 2025 വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷകൾ വായന (2) സർക്കുലർ പ്രകാരം ഓൺലൈനായി SPARK മുഖേന ക്ഷണിക്കുകയും കരട് സ്ഥലംമാറ്റ ഉത്തരവ് വായന(3) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി.

ടൈപ്പിസ്റ്റ് തസ്തികയിലെ 2025 ലെ പൊതു സ്ഥലംമാറ്റത്തിൽ തന്റെ അപേക്ഷ പരിഗണിച്ച് കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്താത്തതിന്മേൽ ഈ കാര്യാലയത്തിലെ യു.ഡി ടൈപ്പിസ്റ്റ് ശ്രീമതി. ശ്രീശ.എം.എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീസ് ട്രൈബ്യൂണൽ മുമ്പാകെ OA 849/2025 പ്രകാരം ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിൽ, ടിയാളുടെ ഒന്നാം ഓപ്ഷൻ ആയ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, കോഴിക്കോട്- ലേക്ക് പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. അംജും അക്കരപ്പറമ്പനെ (3rd Respondent) സ്ഥലംമാറ്റത്തിനായുള്ള കരട് പട്ടികയിൽ ഉൾപ്പെടുത്തിയതിനെതിരേയും ആക്ഷേപമുന്നയിച്ചിരുന്നു. ടൈപ്പിസ്റ്റ് തസ്തികയിലെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നപക്ഷം, 3rd Respondent ശ്രീമതി. അംജും അക്കരപ്പറമ്പന് ശ്രീമതി. ശ്രീശ.എം.എസ് ന്റെ ഒന്നാം ഓപ്ഷൻ ആയ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, കോഴിക്കോട്- ലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നത് 26.05.2025, 17.07.2025, 21.07.2025, 30.07.2025 തീയതികളിലെ ബഹു ട്രൈബ്യൂണലിന്റെ

ഇടക്കാല ഉത്തരവുകൾ പ്രകാരം ബഹു. ട്രൈബ്യൂണൽ സ്റ്റേ ചെയ്യുകയുണ്ടായി. തുടർന്ന് വായന (5) പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ , സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റത്തിനായുള്ള അപേക്ഷകയുടെ യോഗ്യത പരിശോധിച്ച്, 2025 ലെ പൊതുസ്ഥലംമാറ്റ ഉത്തരവ് അന്തിമമാക്കുന്നതിന് മുമ്പായി തീരുമാനമെടുക്കുവാൻ ലേബർ കമ്മീഷണർക്ക് (2nd Respondent) ബഹു. ട്രിബ്യൂണൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ കണ്ടെത്തലുകളുടേയും, SPARK അറിയിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ ശ്രീമതി. ശ്രീശ.എം.എസ് ന് സ്ഥലംമാറ്റത്തിൽ ശ്രീമതി. അഞ്ജു അക്കരപ്പറമ്പന് മുമ്പായി മുൻഗണന നൽകുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും മാർഗ്ഗനിർദ്ദേശം ആരായുകയുണ്ടായി. തുടർന്ന്, സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച 25.02.2017 ലെ സ.ഉ (സാധാ) നം. 3/2017/ഉഭപവ നമ്പർ ഉത്തരവിലെ 2(iii), 4 (iii), 5(iv), 5(v) എന്നിവ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

മേൽ വ്യവസ്ഥകൾ പരിശോധിച്ചതിൽ ടൈപ്പിസ്റ്റ് തസ്തികയിൽ 2025 ലെ പൊതുസ്ഥലംമാറ്റത്തിനായുള്ള കരട് പട്ടിക പ്രകാരമുള്ള സ്ഥലംമാറ്റങ്ങൾ നടത്തുവാൻ കഴിയില്ല എന്നതിനാൽ 2025 ലെ ടൈപ്പിസ്റ്റ് തസ്തികയിലെ കരട് സ്ഥലംമാറ്റ പട്ടിക റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

Safna Nazarudeen

LABOUR COMMISSIONER

ബന്ധപ്പെട്ടജീവനക്കാർക്ക്(വെബ്സൈറ്റ്

മുഖേന)

പകർപ്പ് —

1. പി എ ടു ലേബർ കമ്മീഷണർ
2. അഡീഷണൽ ലേബർ കമ്മീഷണർ (ഇ, ഐ.ആർ & ഡബ്ല്യു)
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. ജോയിന്റ് ലേബർ കമ്മീഷണർ (പി)
5. ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
6. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം ,

സീനിയർ സൂപ്രണ്ട് (ഇ)